LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 നവംബർ 4, ചൊവ്വ

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 1986 നവംബർ 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

പട്ടികജാതി–പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ

* 189 [209] ശ്രീ. എം. എം. ഹസ്സൻ :
,, എൻ. ശക്തൻനാടാർ :
,, പന്തളം സുധാകരൻ :
,, കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ എത്ര ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ഈ സഹകരണസംഘങ്ങൾക്ക് നൽകുന്ന സേവനങ്ങൾ എന്തെല്ലാം ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) സഹകരണ വകുപ്പിന്റെ കീഴിൽ 630 പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുണ്ട്.

(ബി) അംഗസംഘങ്ങളിലൂടെ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാനുതകുന്ന സേവനങ്ങളാണ് ചെയ്തുവരുന്നത്. അതിനായി,

1. സംഘങ്ങളുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് പഠിച്ചു സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കി സംഘങ്ങൾവഴി നടപ്പാക്കി വരുന്നു.

2. സംഘങ്ങളുടെ ചെറുകിട പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ വായ്പാസൗകര്യങ്ങൾ ചെയ്തുവരുന്നു. 30-9-1986 വരെ 134 സംഘങ്ങൾക്കായി 46,07,958.35 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

3. ബ്രാഞ്ച് വഴിയുള്ള വില്പന കൂടാതെ സംഘങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ എക്സിബിഷൻ വില്പന നടത്തുന്നു.

4. പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ വഴി 68 വനം റെയിഞ്ചുകളിൽ നിന്നും ചെറുകിട വനവിഭവങ്ങൾ ശേഖരിച്ച് വിപണനം ചെയ്തു വരുന്നു. അതിനാവശ്യമായ പാട്ടത്തുകയും പ്രവർത്തന ഫണ്ടും ഫെഡറേഷൻ നൽകി വരുന്നു. കാലാകാലങ്ങളിൽ വനവിഭവങ്ങൾക്ക് അടിസ്ഥാനവില നിശ്ചയിക്കാൻ നേതൃത്വമെടുക്കുന്നു.

5. സുലഭമായി ലഭിക്കുന്ന വനവിഭവങ്ങളായ തേനും ചീവയ്ക്കയും സംസ്ക്കരിച്ച് വിൽപ്പന നടത്തി, വില സ്ഥിരീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. സംഘങ്ങളുടെ സൗകര്യാർത്ഥം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ബ്രാഞ്ച്-കം-ഗോഡൗണുകൾ തുറന്നു പ്രവർത്തിക്കുന്നു.

7. അംഗസംഘങ്ങളുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിനും ആദായകരമായ രീതിയിൽ വിൽപ്പന നടത്തുന്നതിനും അസംസ്കൃത സാധനങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനുമായി ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8. സംഘം പ്രവർത്തകരേയും ഉദ്യോഗസ്ഥൻമാരേയും പരിശീലിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

ശ്രീ. എം. എം. ഹസ്സൻ : സർ, ഹരിജൻ-ഗിരിജൻ സംഘങ്ങളിലൂടെ ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും വായ്പ നൽകുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. അത്തരം വായ്പകൾക്ക് ഗവൺമെന്റ് പലിശ സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം പലിശ സബ്സിഡിയാണത് ; അത് കൃത്യമായി നൽകുന്നുണ്ടോ ; അങ്ങനെ നൽകുന്നുണ്ടെങ്കിൽ എത്ര തുക അതിനുവേണ്ടി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എ. കമലം : സർ, ഹരിജന-ഗിരിജന സംഘങ്ങൾക്ക് മറ്റ് സംഘങ്ങളിൽനിന്നും എടുക്കുന്ന കടത്തിന് പലിശ സബ്സിഡി നൽകുന്നുണ്ട്. ഫെഡറേഷനിൽനിന്നും എടുക്കുന്ന വായ്പയ്ക്ക് പലിശയില്ല. ഗവൺമെന്റ് 1985-86-ൽ മറ്റ് സംഘങ്ങളിൽനിന്നും അതായത് സാധാരണ സംഘങ്ങളിൽനിന്നും കടമെടുക്കുന്ന ഹരിജനസംഘങ്ങൾക്കായി 3,35,336 രൂപയും ഗിരിജന സംഘങ്ങൾക്കായി 2,25,246 രൂപയും പലിശ സബ്സിഡിയായി കൊടുത്തിട്ടുണ്ട്. ഒരംഗം ഒരു ഷെയർ എടുക്കുകയാണെങ്കിൽ 10 രൂപയാണ് എടുക്കുന്നതെങ്കിൽ 9 രൂപ ഗവൺമെന്റ് സബ്സിഡിയായിട്ടു കൊടുക്കും.

ശ്രീ. എം. എം. ഹസ്സൻ : കാര്യക്ഷമമല്ലാത്ത പ്രവർത്തനം നടത്തുന്ന ഏതെങ്കിലും ഹരിജന-ഗിരിജന സംഘത്തിന്റെ ഭരണസമിതിയെ സൂപ്പർസീഡ് ചെയ്യേണ്ടി വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം : കൊല്ലം ജില്ലയിൽ കുന്നത്തൂർ ഹരിജൻ സഹകരണ സംഘത്തെ 32-ാം വകുപ്പനുസരിച്ച് സൂപ്പർസീഡ് ചെയ്തിട്ടുണ്ട്. കാര്യക്ഷമമല്ലാത്ത പ്രവർത്തനത്തിന് ആലപ്പുഴ ജില്ലയിൽ ചേപ്പാട് ഹരിജൻ സംഘത്തെയും സൂപ്പർസീഡ് ചെയ്യേണ്ടിവന്നിട്ടുണ്ട്. കണക്കുകൾ സൂക്ഷിക്കാതിരിക്കുകയും കൃത്യവിലോപം കാണിക്കുകയും ചെയ്തതിന്റെ പേരിലാണ് നടപടിയെടുക്കേണ്ടി വന്നിട്ടുള്ളത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുഖേന എത്ര തുകയുടെ വനവിഭവങ്ങളാണ് ഇതുവരെ സംഭരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എം. കമലം : ആകെ ഗിരിജനസംഘങ്ങൾ ശേഖരിച്ച വനവിഭവങ്ങൾ 29,78,582 ടണ്ണാണ്. അതായത്, 87,67,848 രൂപയ്ക്കുള്ള ചെറുകിട വനവിഭവങ്ങളാണ് 32 ഗിരിജൻ സഹകരണസംഘങ്ങൾ വഴി ശേഖരിച്ചത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : ശേഖരിക്കുന്ന വനവിഭവങ്ങളുടെ വില നിശ്ചയിക്കുന്നതെങ്ങനെയാണ് : ഈ വില നിശ്ചയിക്കുന്നത് പലപ്പോഴും അപര്യാപ്തമാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീമതി എം. കമലം : ഇതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയുണ്ട്. സി. സി. എഫ്. ചെയർമാനായിട്ടുള്ള, അതായത് മുഖ്യവനപാലകൻ ചെയർമാനായും, ഹരിജൻ-ഗിരിജന, ഫെഡറേഷന്റെ എം. ഡി., ഔഷധിയുടെ എം.ഡി., ഹെൽത്ത് ഡയറക്ടർ, ഗിരിജന വർഗ്ഗ ഡയറക്ടർ തുടങ്ങിയ ആളുകൾ അംഗങ്ങളായിട്ടുള്ള ഒരു കമ്മിറ്റിയാണ്. ഈ കമ്മിറ്റിയാണ് സാധനങ്ങളുടെ വില നിശ്ചയിക്കുന്നതും കൊടുക്കുന്നതും.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഹരിജനങ്ങളുടെ പേരിൽ ഹരിജനങ്ങളല്ലാത്തവർ സംഘങ്ങളുണ്ടാക്കുന്നു. ഉദാഹരണത്തിന് നെയ്യാറ്റിൻകര താലൂക്കിൽ നടുത്ത് ഹരിജനങ്ങളല്ലാത്ത ആളുകൾ ഹരിജനങ്ങളുടെ പേരിൽ നായരുടെ വീട്ടിൽ വച്ച് സംഘമുണ്ടാക്കി. ആ സംഘത്തിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യണം. ആ സംഘത്തിന്റെ പ്രവർത്തകരുടെ പേരിൽ നടപടികളെടുക്കണമെന്ന് ഞാൻ നേരിട്ട് അങ്ങേക്ക് പെറ്റിഷൻ തന്നിട്ട് അതിനെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീമതി എം. കമലം : നെയ്യാറ്റിൻകരയിലുള്ള ഒരു സംഘത്തെപ്പറ്റിയുള്ള ആക്ഷേപം ബഹുമാനപ്പെട്ട ഗൗരിയമ്മ എഴുതി തന്നിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഗൗരവമായി അന്വേഷണം നടത്തി വരികയാണ്.

ശ്രീ. പി. സീതിഹാജി : ഹരിജന-ഗിരിജന വിദ്യാർത്ഥികൾക്ക് സഹകരണ പരിശീലനം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് നൽകുന്നത് ; അതിനുവേണ്ടി സർക്കാർ എത്ര രൂപ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ ?

ശ്രീമതി എം. കമലം : ഹരിജന-ഗിരിജന വിദ്യാർത്ഥികൾക്കായി സഹകരണ പരിശീലനം ചേർത്തല, കൊട്ടാരക്കര, കണ്ണൂർ, വയനാട് തുടങ്ങിയ നാലു കേന്ദ്രങ്ങളിലാണ് നടത്തിവരുന്നത്. ഇതിനായി 29,74,000 രൂപ ഭവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ : വ്യവസായ വകുപ്പിന്റെ കീഴിലും അതു പോലെ പട്ടികജാതി-പട്ടിക വർഗ്ഗ സഹകരണസംഘങ്ങൾ ഉണ്ട്. ഇതും ഈ 630 എണ്ണമുണ്ടെന്നോ പറയുന്നതിലുൾപ്പെടുമോ ; മറ്റുപല വകുപ്പുകളിലുള്ള ഇത്തരം സഹകരണ സംഘങ്ങളിലേക്ക് കൊടുക്കുന്ന ആനുകൂല്യങ്ങളുടെ രീതികളും തോതുകളും തമ്മിൽ വ്യത്യാസമുണ്ടെന്നുള്ളതുകൊണ്ട് ഇത്തരം പട്ടിക ജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളെല്ലാം ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരാനും ഇവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എല്ലാം ഒരേ രീതിയിൽ നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീമതി എം. കമലം : വ്യവസായ വകുപ്പിന്റെ കീഴിലുള്ള 15 സംഘങ്ങളെ ഹരിജന-ഗിരിജന ഫെഡറേഷനുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. അതിൽ രണ്ടെണ്ണം ഖാദിയുടെ കീഴിലും രണ്ടെണ്ണം ഫിഷറീസിന്റെ കീഴിലുമാണുള്ളത്. അതും ഈ ഹരിജന-ഗിരിജന ഫെഡറേഷനുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. അവയ്ക്കും ഈ വകുപ്പിൽനിന്നും ചെയ്യാവുന്ന സഹായങ്ങളെല്ലാം ചെയ്യുന്നുണ്ട്. ബാക്കി മറ്റു വകുപ്പുകളിൽനിന്നും പല സഹായങ്ങളും ചെയ്യുന്നുണ്ട്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : വനവിഭവങ്ങൾ കളക്ട് ചെയ്യുന്ന പണികൾ മാത്രമാണ് ഗിരിജൻ സഹകരണസംഘങ്ങൾ ചെയ്യുന്നത്. എന്നാൽ പച്ചമരുന്നും അതുപോലുള്ള വനവിഭവങ്ങളും ഉൽപ്പാദിപ്പിക്കുന്നതിന് എന്തെങ്കിലും സഹായസഹകരണങ്ങൾ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീമതി എം. കമലം : ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നതാണ് ഈ ഹരിജൻ സംഘങ്ങളുടെ പണി. അവർ അത് സംഭരിച്ച് കഴിഞ്ഞാൽ വില നിശ്ചയിക്കുന്നതും മാർക്കറ്റ് കണ്ടെത്തി അത് വിൽക്കുന്നതും വിൽപ്പനയ്ക്ക് സഹായിക്കുന്നതും ഫെഡറേഷന്റെ ജോലിയാണ്. ആ കാര്യങ്ങളിൽ പ്രത്യേകമായി ശ്രദ്ധിക്കുന്നതാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : 630 സഹകരണസംഘങ്ങളാണ് ഈ സഹകരണവകുപ്പിന്റെ കീഴിൽ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളായിട്ടുള്ളതെന്ന് പറഞ്ഞു. ഈ സഹകരണസംഘങ്ങളിൽ 134 സഹകരണസംഘങ്ങൾക്ക് നാൽപ്പത്തിയാറു ലക്ഷത്തിൽ ചിലവാനം രൂപ ഈ ഫെഡറേഷൻ നൽകിയെന്നു പറഞ്ഞു ഈ 134 സഹകരണസംഘങ്ങളൊഴിച്ച് ബാക്കിയുള്ള സഹകരണസംഘങ്ങൾക്ക് ഈ സഹായം നൽകാതിരിക്കുന്നതിനുള്ള കാരണം എന്താണ് ; ഇത് നൽകുന്നതിനുള്ള മാനദണ്ഡം എന്താണ് ?

ശ്രീമതി എം. കമലം : ഹരിജന-ഗിരിജന ഫെഡറേഷൻ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശരിയായി പരിശോധിച്ച് ആ സംഘങ്ങൾ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ശുപാർശ, അവർ ഏറെടുത്തിരിക്കുന്ന പ്രോജക്ടിന്റെ പ്രവർത്തന-സാദ്ധ്യത, വിജയസാദ്ധ്യത ഇവയെല്ലാം പരിശോധിച്ച് പരിഗണിച്ചിട്ടാണ് ഈ 134 സംഘങ്ങൾക്കായി ഇത്രയും പണം കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. പി. എ. മജീദ് : പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ശേഖരിക്കുന്ന വനവിഭവങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ ഗോഡൗൺ സൗകര്യമില്ലാത്തതുകൊണ്ട് തിരുവനന്തപുരത്ത് അതിനാവശ്യമായ സൗകര്യമുണ്ടാക്കണമെന്നുള്ള നിർദ്ദേശം ഉണ്ടായിരുന്നു. അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. കമലം : പട്ടികജാതി-പട്ടികവർഗ്ഗ സംഘങ്ങൾ ശേഖരിക്കുന്ന വനവിഭവങ്ങൾ സൂക്ഷിക്കുന്നതിനും അത് സംഭരിച്ച് വിൽപ്പന നടത്തുന്നതിനുമായി തിരുവനന്തപുരത്തും, തൊടുപുഴ, തൃശ്ശൂർ, കോഴിക്കോട്, കല്പറ്റ, തുടങ്ങിയ സ്ഥലങ്ങളിലും ഗവൺമെന്റ് ഗോഡൗണുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതുകൂടാതെ എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി 26.50 ലക്ഷം രൂപ സബ്സിഡിയായി തന്നുകൊണ്ട് തിരുവനന്തപുരത്ത പേരൂർക്കടയിൽ ഗവൺമെന്റ് സൗജന്യമായി നൽകിയ രണ്ടേക്കർ സ്ഥലത്ത് ഒരു ഗോഡൗൺ ശൃംഖല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗമാണ് ഇതിന്റെ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളത്. അതിന്റെ പ്രവർത്തനം വളരെ ദ്രുതഗതിയിൽ നടന്നു വരികയാണ്. മുഖ്യമന്ത്രിയാണ് അതിന്റെ തറക്കല്ലിട്ടത്.

ശ്രീ. എസ്. ആർ. തങ്കരാജ് : ഈ ഹരിജന സംഘങ്ങൾക്ക് ട്രാക്ടറുകൾ ഇഷ്യൂ ചെയ്യുന്നുണ്ട്. ഈ ട്രാക്ടറുകൾ ഇഷ്യൂ ചെയ്തുകഴിഞ്ഞാൽ അതിന് പ്രത്യേകമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് വാങ്ങുക, ലൈറ്റ് വച്ച് ഫിറ്റ് ചെയ്യുക ഈ ആവശ്യങ്ങൾക്കൊക്കെ തുകയാവശ്യമാണ്. ഈ തുക ഇല്ലാത്തതു കാരണം ആറും എട്ടും മാസംവരെ അവ ഉപയോഗശൂന്യമായി ഓഫീസിൽ കിടക്കുകയാണ്. അത് പരിഹരിക്കുന്നതിനുവേണ്ട സഹായം ചെയ്യാൻ തയ്യാറാകുമോ ?

ശ്രീമതി എം. കമലം : ഇത് തീർച്ചയായും ഗവൺമെന്റ് പരിശോധിച്ച് വേണ്ട സഹായം ചെയ്യുന്നതാണ്. ഗവൺമെന്റ് തന്നെ രണ്ടു ട്രാക്ടറുകളും ലോറിയും എൻ. സി. ഡി. സി. യുടെ സഹായത്തോടുകൂടി വാങ്ങുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിലേക്കായി 5.16 ലക്ഷം രൂപ എൻ. സി. ഡി. സി. തന്നുകഴിഞ്ഞിരിക്കുകയാണ്.

വിദ്യാലയങ്ങളിലെ കായിക പരിശീലനം

* 190 (210) ശ്രീ. കെ. സി. ജോസഫ് :
,, കെ. കെ. തോമസ് :
,, എ. സി. ജോസ് :
,, ജി. കാർത്തികേയൻ :
,, പി. പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ കായിക പരിശീലനം നൽകുന്നതിന് ഇന്ന് സ്വീകരിച്ചിരിക്കുന്ന നടപടികളും തികച്ചും അപര്യാപ്തമാണെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പരിശീലനം നേടുന്നതിന് നല്ല ഗ്രൗണ്ടുകളും പരിശീലന ഉപകരണങ്ങളും ആവശ്യത്തിനു ഇൻസ്ട്രക്ടർമാരെയും നൽകി സ്കൂളുകളിലെ കായിക പരിശീലനം പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി) സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സി. ജോസഫ് : സോഫ്യാഡിൽ മലയാളികളായ പി. ആർ. ഉഷ, എം. ഡി. വൽസമ്മ, ഷൈനി, സാനി തുടങ്ങിയവരുടെ പ്രകടനം വിരൽചൂണ്ടുന്നത് മികച്ച കായിക പരിശീലനം സ്കൂൾ തലത്തിൽ